**Athmaraksha.org**

ജറീക്കോ പ്രാർത്ഥന,യേശു രോഗികളുടെ നാഥൻ

## ജറീക്കോ പ്രാർത്ഥന-Jericho



ജറീക്കോ പ്രാർത്ഥന

ദുരിതങ്ങളിൽ അകപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു എന്റെ പ്രാർത്ഥന കേട്ട് അവിടുന്ന് എന്നെ മോചിപ്പിച്ചു (സങ്കീ. 118.5).

(ജറീക്കോപ്രാർത്ഥനകളിലേക്ക് ആരേയും നിർബന്ധിച്ച് വിളിച്ച് ചേർക്കരുത്. ഈ പ്രാർത്ഥനാ സമയങ്ങളിൽ ആരും നിലത്തോ കസേരയിലോ ഇരിക്കാതെ തുടക്കത്തിൽ നിന്നുകൊണ്ടും പിന്നീട് നടന്നുകൊണ്ടും പൂർത്തിയാക്കുക. സഹോദരങ്ങളെ, മനസ്സിലാക്കുക ജറിക്കോ പട്ടണത്തിനു ചുറ്റും ഉണ്ടായിരുന്ന വൻകോട്ട തകർന്നുവീണത് ആൾബലം കൊണ്ടോ, സൈനികബലം കൊണ്ടോ അല്ല. മറിച്ച് ദൈവീകശക്തിയാൽ മാത്രമാണെന്നു ജോഷ്വാ അദ്ധ്യായം 6 വ്യക്തമാക്കുന്നു. ഇന്നു വ്യക്തികൾക്കു ചുറ്റിനും കുടുംബങ്ങൾക്കു ചുറ്റിനും പുരയിടങ്ങൾക്കു ചുറ്റിനും സമൂഹങ്ങൾക്കു ചുറ്റിനും അനേകതരത്തിലുള്ള കോട്ടകൾ സാത്താൻ സൃഷ്ടിച്ചിട്ടുണ്ട്. അദൃശ്യമായ ഈ കോട്ടകൾ ഏത് തരത്തിൽ ഉള്ളവയാണെങ്കിലും ജറീക്കോപ്രാർത്ഥനവഴി കർത്താവു തകർക്കുകതന്നെ ചെയ്യും എന്നു വിശ്വസിക്കുക)

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി (3) ആമ്മേൻ.
ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും. ആമ്മേൻ.
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ................

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ അങ്ങേ തിരുനാമം വിളിച്ചപേക്ഷിക്കുവാൻ കരുണാപൂർവ്വം ഞങ്ങളെ യോഗ്യമാക്കണമേ . ഞങ്ങളെ ഭരമേൽപിച്ചിരിക്കുന്ന ശുശ്രൂഷ വിശുദ്ധിയോടും ശുദ്ധമനസ്സാക്ഷിയോടും കൂടെ നിർവ്വഹിക്കുവാൻ പ്രകാശവും ശക്തിയും

ഞങ്ങൾക്കു നൽകണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും ആമ്മേൻ.

വചനഭാഗങ്ങൾ - ജോഷ്വാ 6:1-27, അപ്പ .പ്രവ. 16:25-34

സങ്കീർത്തനം 91 ഏറ്റുചൊല്ലി പ്രാർത്ഥിക്കുക

അത്യുന്നതന്റെ സംരക്ഷണത്തിൽ വസിക്കുന്നവനും/ സർവ്വശക്തന്റെ തണലിൽ കഴിയുന്നവനും/ കർത്താവിനോട് എന്റെ സങ്കേതവും/ എന്റെ കോട്ടയും/ ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയും/ അവിടുന്ന് നിന്നെ വേടന്റെ കെണിയിൽ നിന്നും മാരകമായ മഹാമാരിയിൽ നിന്നും രക്ഷിക്കും/ തന്റെ തൂവലുകൾകൊണ്ട്/ അവിടുന്ന് നിന്നെ മറച്ചുകൊള്ളും/ അവിടുത്തെ ചിറകുകളുടെ കീഴിൽ നിനക്ക് അഭയം ലഭിക്കും/ അവിടുത്തെ വിശ്വസ്തത നിനക്കു കവചവും/ പരിചയും ആയിരിക്കും/ രാത്രിയിലെ ഭീകരതയെയും/ പകൽ പറക്കുന്ന അസ്ത്രത്തെയും നീ ഭയപ്പെടേണ്ടാ/ ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും/ നട്ടുച്ചയ്ക്കു വരുന്ന വിനാശത്തെയും/ നീ പേടിക്കണ്ടാ/ നിന്റെ പാർശ്വങ്ങളിൽ ആയിരങ്ങൾ/ മരിച്ചു വീണേക്കാം/ നിന്റെ വലതുവശത്തു പതിനായിരങ്ങളും/ എങ്കിലും നിനക്ക് ഒരനർത്ഥവും/ സംഭവിക്കുകയില്ല/ ദുഷ്ടരുടെ പ്രതിഫലം/ നിന്റെ കണ്ണുകൾകൊണ്ടുതന്നെ നീ കാണും/ നീ കർത്താവിൽ ആശ്രയിച്ചു/ അത്യുന്നതനിൽ നീ വാസമുറപ്പിച്ചു/ നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല/ ഒരനർത്ഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല/ നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ/ അവിടുന്ന് തന്റെ ദൂതന്മാരോടു കൽപിക്കും/ നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ/ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും/

സിംഹത്തിന്റെയും അണലിയുടെയും മേൽ/ നീ ചവിട്ടി നടക്കും/ യുവസിംഹത്തെയും സർപ്പത്തെയും/ നീ ചവിട്ടിമെതിക്കും/ അവൻ സ്നേഹത്തിൽ എന്നോട് ഒട്ടി നിൽക്കുന്നതിനാൽ/ ഞാൻ അവനെ രക്ഷിക്കും/ അവൻ എന്റെ നാമം അറിയുന്നതുകൊണ്ട്/ ഞാൻ അവനെ സംരക്ഷിക്കും/ അവൻ എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ/ ഞാൻ ഉത്തരമരുളും/ അവന്റെ കഷ്ടതയിൽ/ ഞാൻ അവനോടു ചേർന്നു നിൽക്കും/ ഞാൻ അവനെ മോചിപ്പിക്കുകയും / മഹത്വപ്പെടുത്തുകയും ചെയ്യും/ ദീർഘായുസ്സു നൽകി/ ഞാൻ അവനെ സംതൃപ്തനാക്കും/ എന്റെ രക്ഷ/ ഞാൻ അവനു കാണിച്ചുകൊടുക്കും. ( ശക്തമായി സ്തുതിക്കുക............)

( സാധാരണപോലെ ജപമാല ആരംഭിക്കുക. ഓരോ ദിവ്യരഹസ്യവും ചൊല്ലിയതിനുശേഷം ധ്യാനിക്കുക. അതിനു ശേഷം എല്ലാവരും ചേർന്ന് എന്റെ കർത്താവേ, എന്റെ ദൈവമേ..... എന്ന പ്രാർത്ഥന ചൊല്ലുക ഓരോ ദിവ്യരഹസ്യവും ധ്യാനിച്ചതിനുശേഷം പ്രാർത്ഥന ചൊല്ലണം)

പ്രാർത്ഥന

എന്റെ കർത്താവേ, എന്റെ ദൈവമേ, ഞങ്ങളെ രക്ഷിക്കണമേ, അങ്ങേ മക്കളോട് കരുണകാണിക്കണമെ, എന്നിലോ എന്റെ മാതാപിതാക്കളിലോ ( ജീവിതപങ്കാളിയിലോ, മക്കളിലോ, കൊച്ചുമക്കളിലോ) സഹോദരീസഹോദരന്മാരിലോ ബന്ധുമിത്രാദികളിലോ ഈ ഭവനത്തിലോ, ഈ ഭവനത്തിൽ വസിക്കുന്ന മറ്റ് മക്കളിലോ ഈ ഭവനം ഇരിക്കുന്ന

പുരയിടത്തിന്റെ അതിർത്തിക്കുള്ളിലോ, ഏതെങ്കിലും തരത്തിലുള്ള തിന്മയുടെ ശക്തികൾ, അന്ധകാരശക്തികൾ, സാത്താന്റെ സൈന്യങ്ങളുടെ ശക്തികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആ ശക്തികളെ വിശുദ്ധ കുരിശിന്റെ അടയാളത്താൽ നിർവീര്യമാക്കി തരുമാറാകണമേ ആമ്മേൻ.

( ഈ പ്രാർത്ഥന എല്ലാവരും ചേർന്ന് ഉച്ചത്തിൽ ചൊല്ലുക. തുടർന്ന് 1.സ്വർഗ്ഗ.10 നന്മ 1. ത്രിത്വ . ചൊല്ലിയതിനുശേഷം 1-ാം ദിവ്യരഹസ്യം സാധാരണപോലെ കാഴ്ചവയ്ക്കുന്നു. തുടർന്ന് 2-ാം ദിവ്യരഹസ്യം ഒരാൾ ചൊല്ലുന്നു. അതിനുശേഷം എല്ലാവരും ചേർന്ന് എന്റെ കർത്താവേ.... എന്ന പ്രാർത്ഥന ഉറക്കെ ചൊല്ലിയതിനുശേഷം ഒരാൾ സ്വർഗ്ഗ........ ചൊല്ലുന്നതിനോടൊപ്പം ഓരോരുത്തരായി ഏറ്റവും അടുത്ത മുറിയിലേക്കു നടക്കുന്നു. ഇങ്ങനെ ഭവനത്തിലെ എല്ലാമുറികളിലും പോയി പ്രാർത്ഥിച്ചതിനുശേഷം ഭവനത്തിന്റെ മുൻവശത്തെ മുറ്റത്തേയ്ക്കു ഓരോരുത്തരായി ഇറങ്ങിപ്പോവുക എല്ലാവരും ഒരുറ്റത്ത് എത്തിയതിനുശേഷം മുറികളിൽ എപ്രകാരം പ്രാർത്ഥിച്ചോ അതുപോലെതന്നെ ഭവനത്തിന്റെ നാലുവശങ്ങളിലും നിന്ന് കൊണ്ട് ഓരോ ദിവ്യരഹസ്യങ്ങൾ ചൊല്ലുക. സാധാരണപോലെ ഇരുന്നൂറ്റിമൂന്നുമണി ജപം സമർപ്പിക്കുക. ലുത്തിനിയ ചൊല്ലുകയോ പാടുകയോ ചെയ്യാം. താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനയും ചൊല്ലി സ്തുതിക്കുക).

നമുക്കു പ്രാർത്ഥിക്കാം

കർത്താവായ ഈശോയെ അങ്ങയുടെ യോഗ്യതകളാലും അങ്ങ് ചിന്തിയ അമൂല്യമായ തിരുരക്തത്തിലുള്ള വിശ്വാസത്താലും എന്റെ ജീവന്റെ മേൽ തികഞ്ഞതും സമ്പൂർണ്ണവുമായ സംരക്ഷണം ഞാൻ അവകാശപ്പെടുന്നു. കർത്താവായ ഈശോയെ എനിക്ക് ഉപദ്രവകരവും തിന്മയുമായി ഭവിക്കാവുന്നതുമായ എല്ലാത്തിൽനിന്നും എന്നെ കാക്കുകയും സംരക്ഷിക്കുകയും ചെയ്യണമേ. കർത്താവായ ഈശോയെ, സർവ്വതിന്മകളിൽ നിന്നും സാത്താന്റെ ആക്രമണങ്ങളിൽ നിന്നും രോഗപീഢകളിൽ നിന്നും യാദൃശ്ചികമായ അപകടങ്ങളിൽനിന്നും മരണത്തിൽനിന്നും പ്രകൃതിയിലുണ്ടാകുന്ന എല്ലാ അത്യാഹിതങ്ങളിൽനിന്നും എന്നെ സംരക്ഷിക്കണമെ. ആമ്മേൻ

(സ്വാതന്ത്രമായി സ്തുതിക്കുക, യേശുവേ നന്ദി....)

(ഭവനത്തിന്റെ നാല് വശങ്ങളിൽ ഓരോ ദിവ്യരഹസ്യങ്ങളും ധ്യാനിച്ച് അവസാനത്തെ പ്രാർത്ഥനയും കാഴ്ച വയ്ക്കുമ്പോൾ ഒരു ദിവസത്തെ ജറിക്കോ പ്രാർത്ഥന കഴിഞ്ഞു. ഇപ്രകാരം ആറ് ദിവസം ജറിക്കോ പ്രാർത്ഥന പൂർത്തിയാക്കുക. പിന്നീട് ഏഴാമത്തെ ദിവസം ഭവനത്തിനുചുറ്റും നടന്നുകൊണ്ട് തന്നെ നാല് ദിവ്യരഹസ്യങ്ങൾ പൂർത്തിയാക്കുന്നു. നാല് ദിവ്യരഹസ്യങ്ങൾ പൂർത്തിയാകുമ്പോൾ ഭവനത്തിന് ചുറ്റും ഏഴുപ്രാവശ്യം വലം വച്ചിരിക്കണം).

+++